വസായരംഗത്തെ തൊഴിലാളികൾക്ക് 6 മാസത്തോളം തൊഴിൽ നഷ്ടപ്പെട്ടു. ഈ വർഷം ഏപ്രിൽ 1 മുതൽ അന്തിക്കാട്, വാടാനപ്പള്ളി റേഞ്ചുകൾ അടഞ്ഞു കിടക്കുകയാണ്. ഏകദേശം രണ്ടായിരത്തോളം വരുന്ന തൊഴിലാളികൾ തൊഴിൽരഹിതരായിരിക്കുകയാണ്. മറ്റു റേഞ്ചുകളും അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുകയാണ്. മറ്റു ജില്ലകളിൽനിന്നും വ്യത്യസ്തമായി ഏകദേശം 6000 തൊഴിലാളികൾ തൃശൂർ ജില്ലയിൽ കള്ളുവ്യവസായരംഗത്ത് പണിയെടുക്കുന്നുണ്ട്. മൂന്നു വർഷത്തേക്കാണ് ഷാപ്പുകൾ ഈ ജില്ലയിൽ ലേലം ചെയ്തിട്ടുള്ളത്. ഇടയ്ക്കിടെയുണ്ടാവുന്ന സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് വകുപ്പുമന്ത്രിയുടെ മുൻകൈയോടെ ആത്മാർത്ഥമായ പല ശ്രമങ്ങളും നടന്നിട്ടുണ്ടെങ്കിലും പ്രശ്നങ്ങൾക്ക് പരിഹാരമാവുന്നില്ല. അതുകൊണ്ട് സർക്കാർ അടിയന്തിരമായും ഇടപെട്ട് ഈ രംഗത്തെ തൊഴിലാളി സംഘടനാ പ്രതിനിധികളുടെയും മറ്റു ബന്ധപ്പെട്ടവരുടെയും യോഗം വിളിച്ചു ചേർത്ത് തൃശൂർ ജില്ലയിലെ കള്ളുവ്യവസായ രംഗത്തെ പ്രതിസന്ധിക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : അന്തിക്കാട്, വാടാനപ്പള്ളി എന്നീ രണ്ട് റേഞ്ചുകളിൽ 1.4.99 മുതൽ കോൺട്രാക്ടർമാർ കള്ള് ഷാപ്പുകൾ അടച്ചിട്ടിരിക്കുകയാണ്. തുടർന്ന് നിയമാനുസൃതം ഈ ഷാപ്പുകളുടെ ലൈസൻസുകൾ റദ്ദാക്കുകയും പുനർലേലം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. 1999 ഏപ്രിൽ 19-ാം തീയതിയിലെ 1758/99-ാം നമ്പർ നോട്ടീസ് പ്രകാരം എക്സൈസ് കമ്മിഷണർ തൃശൂർ ഡിവിഷനിലെ വാടാനപ്പള്ളി, അന്തിക്കാട് റേഞ്ചുകളിലെ പുനർലേലം നടത്തി വിൽക്കുന്നതാണെന്നുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. അതനുസരിച്ച് ഷാപ്പുകൾ 29.4.99-ന് തൃശൂർ ജില്ലാ കളക്ടർ പുനർലേലം ചെയ്യുകയുണ്ടായി. ലേലം വിളിക്കാൻ ആളില്ലാത്തതിനാൽ വീണ്ടും ഷാപ്പുകളുടെ ലേലം 3/5, 11/5, 19/5, 20/5 എന്നീ തീയതികളിൽ നടത്തുകയുണ്ടായി. പക്ഷേ കളക്ടർ നടത്തിയ ലേലത്തിലോ നെഗോഷിയേഷനിലോ ഷാപ്പുകൾ വിളിക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. ആയതിനാൽ ജില്ലാകളക്ടർ തൊഴിലാളി യൂണിയനുകളുടെയും കരാറുകാരുടെയും നേതാക്കന്മാർ തമ്മിൽ പലവട്ടം ജില്ലാതലത്തിൽ ചർച്ച നടത്തിയിരുന്നു. ഷാപ്പുകൾ ലേലം വിളിക്കാൻ കോൺട്രാക്ടർമാർ ഇനിയും തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ ജില്ലാകളക്ടർ നെഗോഷിയേഷൻ വഴി ഓഫറുകൾ സ്വീകരിക്കാനുള്ള പരിശ്രമങ്ങൾ നടത്തിവരികയാണ്. വാടാനപ്പള്ളി റേഞ്ചിലെ കള്ളുഷാപ്പുകൾ 1.5.99 മുതൽ അടഞ്ഞു കിടക്കുകയാണ്. എന്നാൽ അന്തിക്കാട് റേഞ്ചിലെ ഷാപ്പുകൾ 4.6.99 വരെ ഡിപ്പാർട്ടുമെന്റ് ഇൻ മാനേജ്മെന്റ് (ഡി.എം.) ആയി പ്രവർത്തിച്ചു. 5.6.99 മുതൽ ഈ ഷാപ്പുകൾ അടഞ്ഞു കിടക്കുന്നു. ഇത് വളരെ ഗുരുതരമായ പ്രശ്നമാണെന്നുള്ള നിലയ്ക്ക് തന്നെ ഗവണ്മെന്റ് തലത്തിലും ഡിപ്പാർട്ട്മെന്റ് തലത്തിലും ഈ പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

## (4) പാലങ്ങൾക്കുള്ള ടോൾ പിരിവ്

ശ്രീ. എൻ. അനിരുദ്ധൻ : സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന പാലങ്ങളിൽ ഒരു കോടി രൂപയിലധികം നിർമ്മാണച്ചെലവ് വരുന്ന പാലങ്ങൾക്കു മാത്രമായി ടോൾ പിരിവ് നിജപ്പെടുത്തണമെന്ന് ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് നാട്ടിൻപുറങ്ങളിൽ ധാരാളം ചെറിയ പാലങ്ങൾ ഇപ്പോൾ നിർമ്മിച്ചു വരുന്നുണ്ട്. അതിന്റെ നിർമ്മാണച്ചെ

LIBRARY ARCHIVES Kerala Legislative Assembly

ലവ് 50 ലക്ഷം രൂപയിലധികരിച്ചു വരുന്നുണ്ട്. ടോൾ ആക്ടിലെ വ്യവസ്ഥയ നുസരിച്ച് പാലങ്ങളുടെ നിർമ്മാണത്തിന് 50 ലക്ഷത്തിലധികം രൂപ ചെലവാ ക്കിയാൽ ടോൾ പിരിക്കണമെന്ന് നിർബന്ധമുണ്ട്. 50 ലക്ഷത്തിലധികം രൂപ ചെലവാക്കിയ പാലങ്ങളിൽ നിന്ന് ടോൾ പിരിക്കുന്നത് ഇപ്പോഴത്തെ സാഹച ര്യത്തിൽ നാട്ടിൻപുറങ്ങളിൽ ഗവണ്മെന്റിന് നഷ്ടമുണ്ടാക്കും. രണ്ട് ആളുകളെ ങ്കിലും അതിന്റെ പിരിവിനാവശ്യമായി വരുന്നു. ഈ രണ്ട് ആളുകൾക്ക് ശമ്പളം കൊടുക്കാനുള്ള വരുമാനം ഈ ടോൾ പിരിവിൽ നിന്നും ലഭിക്കു ന്നില്ല. ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലത്തിലെ മണിയംകുളം പാലം പരവൂർ മുനിസിപ്പാലിറ്റിയിലെ രണ്ട് വാർഡുകളെ മറ്റ് ഭാഗങ്ങളുമായിട്ട് യോജിപ്പിക്കുന്നതാണ്. ആ പാലത്തിന്റെ ചെലവ് 60 ലക്ഷത്തിൽ ചില്വാനം രൂപയാണ്. ആ രണ്ട് വാർഡുകളിൽ താമസിക്കുന്ന ആളുകളാണ് അതിലൂടെ ഗതാഗതം നടത്തുന്നത്. അവരിൽ നിന്നു മാത്രം പിരിവ് നടത്തുകയാണെ ങ്കിൽ തീർച്ചയായും സർക്കാരിന് റവന്യൂ നഷ്ടമുണ്ടാകും. ഇത്തരം ധാരാളം സംഭവങ്ങളുണ്ട്. അതുപോലെത്തന്നെ എന്റെ നിയോജകമണ്ഡലത്തിലുള്ള അടുതല പാലത്തിനും ഇപ്പോൾ ടോൾ പിരിക്കുന്നുണ്ട്. ആ പിരിവ് നടത്തുന്ന തുതന്നെ വലിയ നഷ്ടത്തിലാണ്. അങ്ങനെ നഷ്ടം സഹിച്ച് ഈ ടോൾ പിരി വെന്ന നേർച്ച നടത്തേണ്ട ആവശ്യം സ്വാഭാവികമായും ഇല്ല. അതുകൊണ്ട് ഗവണ്മെന്റ് അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെട്ട് ടോൾ പിരിവിന്റെ നിർമ്മാണച്ചെലവിനുള്ള സീലിംഗ് 50 ലക്ഷം രൂപയെന്നത് കുറഞ്ഞത് ഒരു കോടി രൂപയായിട്ട് ഉയർത്തണമെന്നാണ് എന്റെ സബ്മിഷൻ. അതിന് ഗവ ണ്മെന്റ് ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : 1976-ലാണ് ടോൾ ആക്ട് നിലവിൽ വന്നത്. അന്ന് നിശ്ചയിച്ചിരുന്ന ഈ തുക റേറ്റ് റിവിഷന്റെ അടിസ്ഥാനത്തിൽ അതിന്റെ സീലിംഗ് അപര്യാപ്തമാണ്, അതുകൊണ്ട് ഒരു കോടി രൂപയായിട്ട് ഉയർത്തണമെന്നുള്ള വിഷയമാണ് ഉന്ന യിച്ചിരിക്കുന്നത്. അത് 75 ലക്ഷമാക്കി ഉയർത്തണമെന്ന് ആദ്യം ഒരു നിർദ്ദേശം വന്നു. റേറ്റ് റിവിഷന്റെ അടിസ്ഥാനത്തിൽ ഒരു കോടി ആക്കാനുള്ള നിർദ്ദേശം പ്രത്യേകം പരിഗണിക്കേണ്ടതാണെന്നാണ് അഭിപ്രായം. ഗവണ്മെന്റ് അത് പ്രത്യേകം പരിഗണിക്കുന്നതാണ്. അതിന് നിയമ ഭേദഗതി ആവശ്യമായിട്ടുണ്ട്. അക്കാര്യം ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. ഉദ്യോഗസ്ഥൻമാരെ ടോൾ പിരിവിന് ഏർപ്പെടുത്തിയാൽ നഷ്ടം വരുമെന്നുള്ളതാണ് മറ്റൊരു കാര്യം. ടോൾ പിരിവ് ടെണ്ടർ ചെയ്യുമ്പോൾ എസ്റ്റിമേറ്റ്സ് തുകയ്ക്ക് താഴെയാണ് വിളിക്കപ്പെടുന്നതെങ്കിലാണ് ഉദ്യോഗസ്ഥൻമാരെ ഏർപ്പെടുത്തി പിരിക്കുന്നത്. മൂന്നു മാസം അങ്ങനെ നോക്കിയിട്ട് നഷ്ടമാണെങ്കിൽ ആ പിരിവ് നിർത്താൻ ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ഈ പറഞ്ഞ കാര്യങ്ങൾ രണ്ടും ഗവണ്മെന്റ് പ്രത്യേകം പരിഗണിക്കുന്നതാണ്.

## (5) മംഗലാപുരത്തേയ്ക്കുള്ള തീവണ്ടികൾ ഓട്ടം നിറുത്തുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. പി. രാഘവൻ : സർ, റെയിൽവേ അധികൃതർ വടക്കൻ കേരള ത്തിലെ ജനങ്ങളോട്, പ്രത്യേകിച്ച്, തീവണ്ടി യാത്രക്കാരോട് കാണിക്കുന്ന ക്രൂരമായ അവഗണനക്കെതിരെ ഈ സഭ ഒന്നായി പ്രതികരിക്കണമെന്നാണ് എനിക്ക് വളരെ വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ജൂലൈ മാസം രണ്ടാം തീയതി മുതൽ മംഗലാപുരത്തേയ്ക്ക് ഓടിക്കൊണ്ടിരിക്കുന്ന 3 തീവണ്ടികൾ

LIBRARY ARCHIVES Kerala Legislative Assembly